LIBRARY ARCHIVES Kerala Legislative Assembly

'ആരോഗ്യം സ്വന്തം കൈകളിൽ' പദ്ധതിയുടെ നടത്തിപ്പ്

103 (995) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ആരോഗ്യം സ്വന്തം കൈകളിൽ' പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിനുവേണ്ടി ഏതെല്ലാം ഉദ്യോഗസ്ഥന്മാർ വിദേശ പര്യടനം നടത്തുകയുണ്ടായി ; സോപ്പ് ഉപയോഗിച്ച് കൈകഴുകാൻ എങ്ങനെ പഠിപ്പിക്കണം എന്നതിനെക്കുറിച്ച് വിദേശ പര്യടനവേളയിൽ ചർച്ച ചെയ്യുകയുണ്ടായോ ;

(ബി) ഈ പദ്ധതി ആരംഭിക്കാൻ നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ; സോപ്പ് ഉൽപ്പാദകരും ഈ പദ്ധതി നടത്തിപ്പുകാരും തമ്മിലുള്ള ബന്ധം വിശദമാക്കാമോ ?

ഉത്തരം

(എ) 'ആരോഗ്യം സ്വന്തം കൈകളിൽ' പദ്ധതിയുമായി ബന്ധപ്പെട്ട് ഡോ. വി. അശോക് ഐ. എ. എസ്. എക്സിക്യൂട്ടിവ് ഡയറക്ടർ കേരള റൂറൽ വാട്ടർ സപ്ലൈ ഏജൻസി 2002 മേയ് മാസത്തിൽ നടന്ന 'വേൾഡ് വാട്ടർ ഫോറം'ത്തോടനുബന്ധിച്ച വർക്ക്ഷോപ്പിൽ പങ്കെടുക്കുവാൻ വാഷിംഗ്ടണിലും ഡോ. വി. കെ. ബേബി പൊതുജനാരോഗ്യം പദ്ധതിക്ക് സാങ്കേതിക ഉപദേശം നൽകാനും ഘാനയിലും പര്യടനം നടത്തിയിട്ടുണ്ട്. കൂടാതെ മേൽ വർക്ക്ഷോപ്പിൽ ലോകബാങ്കിന്റെ റൂറൽ വാട്ടർ ആന്റ് സാനിട്ടേഷൻ തിമാറ്റിക് ഗ്രൂപ്പ് ക്ഷണിച്ച പ്രകാരം റിസോഴ്സ് പേഴ്സൺ ആയി പങ്കെടുക്കുവാൻ ജലവിഭവ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ. ജെ. മാത്യു വാഷിംഗ്ടൺ സന്ദർശിച്ചിട്ടുണ്ട്. കൈകഴുകൽ പദ്ധതി എങ്ങനെ വിജയകരമായി നടപ്പിലാക്കാൻ കഴിയും എന്നതിനെക്കുറിച്ച് വിവിധ വശങ്ങൾ വർക്ക്ഷോപ്പിൽ ചർച്ച ചെയ്തു.

(ബി) ഇല്ല. നയപരമായ തീരുമാനം എടുത്തശേഷം മാത്രമേ ഇതിന്റെ വിശദാംശങ്ങൾ തീരുമാനിക്കുകയുള്ളു.

തിരുവനന്തപുരം നഗരത്തിൽ പുതിയ സിവേജ് പദ്ധതികൾ

104 (996) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗര പരിധിയിലെ കടകംപള്ളി, ഉള്ളൂർ, ചെറുവയ്ക്കൽ, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ്, തിരുമല എന്നീ വില്ലേജുകളിൽ കൂടി സിവേജ് ലൈനുകൾ ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പട്ടം-പ്ലാമൂട്, മുറിഞ്ഞപാലം പമ്പ് ഹൗസുകൾ കമ്മീഷൻ ചെയ്യാൻ വൈകുന്നതിനുള്ള കാരണം അറിയിക്കാമോ ;

(സി) കരാർ ഉറപ്പിച്ചു കഴിഞ്ഞ നിർമ്മാണ പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) പട്ടം-മുറിഞ്ഞപാലം സ്വിവേജ് ലൈൻ നിർമ്മാണം നിശ്ചിത തീയതി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രധാന റോഡുകൾ അടച്ചിട്ടതിനുശേഷം നടത്തുന്ന നിർമ്മാണ ജോലികൾ സമയ പരിധിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ വേണ്ട നടപടിക്രമങ്ങൾ പരിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) കടകംപള്ളി, ഉള്ളൂർ, കുടപ്പനക്കുന്ന്, ചെറുവയ്ക്കൽ എന്നീ പ്രദേശങ്ങൾ തിരുവനന്തപുരം നഗരസഭയോട് പുതുതായി കൂട്ടിച്ചേർക്കപ്പെട്ടവയാണ്. ഈ പ്രദേശങ്ങളിലേയ്ക്ക് സ്വിവറേജ് സംവിധാനം ഏർപ്പെടുത്തുന്നതിന് വിശദമായ പഠനം നടത്തി. റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. വട്ടിയൂർക്കാവ്, തിരുമല വില്ലേജുകളിൽ നഗരത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ സ്വീവറേജ് പണികൾ ആരംഭിച്ചുകഴിഞ്ഞു. മെയിൻ സ്വീവറേജ് ലൈനുകൾക്കുള്ള ലാൻഡ് അക്വിസിഷൻ പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥല ലഭ്യതയും സാമ്പത്തിക ലഭ്യതയും അനുസരിച്ച് പണികൾ പൂർത്തീകരിക്കാവുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും ടാർകട്ട് അനുമതി ലഭിക്കാനുള്ള കാലതാമസമായിരുന്നു പ്രധാന കാരണം. ഇപ്പോൾ ടാർകട്ട് അനുമതി ലഭിക്കുകയും അടിയന്തിരമായി പണികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഈ മാസാവസാനത്തോടുകൂടി പമ്പ് ഹൗസുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കണക്ഷൻ ലഭിച്ചതിനുശേഷം ഒരു മാസത്തിനകം കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കരാർ ഉറപ്പിച്ചവയിൽ രണ്ട് പണികൾ ഒഴികെ ബാക്കിയുള്ള പണികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം സ്വീവേജ് സ്കീം 'ഇ' ബ്ലോക്കിൽപ്പെട്ട 300 മില്ലി മീറ്റർ സ്വിവർ ലൈൻ ഇടുന്ന പണിയും 250 മില്ലി മീറ്റർ സ്വിവർ ലൈൻ ഇടുന്ന പണിയും സ്ഥലവാസികളുടെ രേഖാമൂലം നൽകിയിട്ടുള്ള എതിർപ്പുമൂലം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇത്തരം ജോലികൾ സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

ആർട്ട് ഹെറിട്ടേജ് കമ്മിഷന്റെ പ്രവർത്തനം

105 (997) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി ഏറ്റെടുത്തിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ പാണ്ഡവൻപാറയും മടവൂർപ്പാറ

LIBRARY ARCHIVES Kerala Legislative Assembly